ഖുത്ബ
31.8.2007
മാൻഹയിം, ജർമ്മനി

# വിശ്വാസത്തിൽ കൂറുപുലർത്തുക

**ലക്ഷം പ്രാവശ്യം നാം അഹ്മദിയ്യാണെന്ന് പറഞ്ഞുകൊണ്ടിരുന്നാലും അർശിലെ അല്ലാഹു അവന്റെ പട്ടികയിൽ നമ്മെ പെടുത്തിയിട്ടില്ലെങ്കിൽ അഹ്മദിയ്യാണെന്നുള്ള നമ്മുടെ വാദവും പാഴ്‌വാക്കാണ്.**

ഇന്ന് ഈ ഖുത്ബയോടുകൂടി ജർമ്മനി അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാന ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ പാരിതോഷികങ്ങളിൽ ഈ ജൽസയും നമുക്കൊരു വലിയ പാരിതോഷികമാണ്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് നമുക്ക് നല്കിയിട്ടുള്ളത്. വർഷത്തിലൊരിക്കൽ ഒരിടത്ത് ഒരുമിച്ചുകൂടി നാം നമ്മുടെ ആത്മീയവും ധാർമ്മികവുമായ പുരോഗതിയ്ക്കുള്ള സാധനസാമഗ്രികളൊരുക്കുന്നു. അല്ലാഹുവിനോടടുപ്പിക്കുന്നതും തഖ്‌വയിൽ അഭിവൃദ്ധിപ്പെടാൻ ഉപകരിക്കുന്നതുമായ പരിപാടികളാണ് നാം ഇതിൽ വയ്ക്കേണ്ടത്. ഉന്നതമായ ധാർമ്മികത പുലർത്തുന്നതിനും പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിനും വേണ്ടി ശ്രമിക്കേണ്ടതാണെന്ന തീരുമാനത്തോടും ഉദ്ദേശ്യത്തോടുംകൂടി ഈ ദിനങ്ങൾ നാം കഴിച്ചുകൂട്ടേണ്ടതാണ്. പരസ്പരം സ്നേഹവും സന്തോഷവും ബന്ധവും വർദ്ധിപ്പിക്കുകയും പിണക്കങ്ങൾ അകറ്റുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അനാവശ്യ കാര്യങ്ങളിൽനിന്ന് നാം നമ്മെ പരിശുദ്ധരാക്കണം. പ്രത്യക്ഷത്തിൽ ഈ കുറച്ചു കാര്യങ്ങളാണ് ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്. ഇവ തന്നെയാണ് മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം പൂർത്തിയാക്കുന്നത്.

അതുകൊണ്ട് ജൽസയിൽ പങ്കെടുക്കാൻ വരുന്ന ഓരോ അഹ്മദിയും എപ്പോഴും ഇക്കാര്യം ശ്രദ്ധയിൽ വയ്ക്കേണ്ടതാണ്. ഈ ജൽസയിൽ പങ്കെടുക്കുക എന്നത്, ഒരു വലിയ ലക്ഷ്യം ഉൾക്കൊള്ളുന്നുണ്ട്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും തഖ്‌വയിൽ അഭിവൃദ്ധിപ്പെടാനും ധാർമ്മികതയുടെ ഉന്നതമായ മാതൃക സ്ഥാപിച്ചുകൊണ്ട് മനുഷ്യരോടുള്ള കടമ നിറവേറ്റാനും ശ്രമിക്കുന്നില്ലെങ്കിൽ ഈ ജൽസയിൽ പങ്കെടുക്കാൻ വന്നതിന്റെ ഉദ്ദേശ്യം സഫലമാകുകയില്ല. ഈ ഉദ്ദേശ്യം സഫലമാകുന്നില്ലെങ്കിൽ, ഈ ജൽസയിൽ പങ്കെടുത്തതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ പൂർത്തിയാകുന്നത്, ഈ ഉദ്ദേശ്യത്തെ മനസ്സിലാക്കിക്കൊണ്ട് ജൽസയിൽ പങ്കെടുക്കുന്നവരിലാണ്. എന്തിനുവേണ്ടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസ തുടങ്ങിയത് ആ ഉദ്ദേശ്യം മനസ്സിലാക്കിക്കൊണ്ടു പ്രവർത്തിക്കുന്നവരിലാണ്.

ആ മഹാത്മാവ് പറയുന്നു: "വർത്തമാനകാലത്തെ പീർമാരെപോലെ, വെറും ബാഹ്യമായ ഭംഗിയും പകിട്ടും കാണിക്കാനായി, എനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവരെ സംഘടിപ്പിക്കാൻ ഞാനൊരിക്കലും ആഗ്രഹിക്കുന്നില്ല. ഇതിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിഷ്കരണമാണ്. അതിനുവേണ്ടിയാണ് ഞാൻ വഴിയൊരുക്കുന്നത്."

അതുകൊണ്ട്, ലോകത്തെവിടെ പാർക്കുന്ന അഹ്മദിയും തങ്ങളുടെ നാട്ടിലെ ജൽസ സാലാനയിൽ പങ്കെടുക്കുമ്പോൾ, അല്ലാഹു സൗകര്യമൊരുക്കിക്കൊടുത്തിട്ടുള്ള അന്യരാജ്യങ്ങളിലെ അഹ്മദികളും ആ ജൽസകളിൽ പങ്കെടുക്കേണ്ടതാണ്. ഇവിടെയും വിവിധ രാജ്യങ്ങളിൽനിന്ന് അഹ്മദികൾ വന്നിട്ടുണ്ട്. അവർ ജൽസയിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടെ വന്നവരാണ്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം മുന്നിൽ കാണേണ്ടതാണ്. ഈ ഉദ്ദേശ്യം മനസ്സിലാക്കിയിട്ടും ജൽസയുടെ പ്രോഗ്രാമുകൾ ഒരു അഹ്മദിയുടെ ആത്മീയവും ധാർമ്മികവുമായ അവസ്ഥയിൽ ഒരു പുരോഗതിയും ഉണ്ടാക്കുന്നില്ലെങ്കിൽ, അത്തരക്കാരോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വെറുപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഭയഭക്തിയിൽ അഭിവൃദ്ധിയില്ലെങ്കിൽ, 20,000 അല്ലെങ്കിൽ 25,000, 30,000 ഹാജർ നില വ്യർത്ഥമാണ്. അംഗസംഖ്യ വർദ്ധിക്കുന്നതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായതിന്റെ ഉദ്ദേശ്യം പൂർത്തിയാകുകയില്ല. അത് പൂർത്തിയാകുന്നത് നമ്മൾ ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"ഈ വിനീതന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാ സത്യവാന്മാരും അറി

ഞ്ഞുകൊള്ളുക. ബയ്അത്ത് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം, ഭൗതികതയോടുള്ള സ്നേഹം തണുക്കുകയും തങ്ങളുടെ രക്ഷകനായ അല്ലാഹുവിനോടും നബി(സ) തിരുമേനിയോടുമുള്ള സ്നേഹം മനസ്സിൽ വിജയിക്കുകയും ചെയ്യുക എന്നതാണ്. പരലോകത്തേക്കുള്ള യാത്രയോട് വെറുപ്പ് തോന്നാത്ത ഒരവസ്ഥ ഉണ്ടാകുകയും വേണം."

ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്ര വലിയ ഉത്തരവാദിത്തമാണ് നമ്മെ ഏല്പിച്ചിട്ടുള്ളത്. നമ്മളിൽ എത്ര വലിയ പ്രതീക്ഷയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉള്ളത്. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തേക്കാളും നമ്മളിൽ വിജയം പ്രാപിച്ചുനില്ക്കുന്നത് ആ മഹാത്മാവ് കാണാൻ ആഗ്രഹിക്കുന്നു. ആ സ്നേഹത്തോട് കിടപിടിക്കുന്ന മറ്റൊരു സ്നേഹവും ഉണ്ടാകാൻ പാടില്ല. അത്തരം സ്നേഹമാണ് നമ്മുടെയുള്ളിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുണ്ടാകേണ്ടത്. ഇഹലോകത്തോടുള്ള സ്നേഹം നമ്മുടെ ഹൃദയത്തിൽനിന്ന് തുടച്ചുനീക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നു. പക്ഷേ, ഇതിന്റെ ഉദ്ദേശ്യം ഇഹലോകവുമായി പാടെ ബന്ധം വിച്ഛേദിച്ച് കാട്ടിന്നകത്തുപോയി ഇരിക്കുക എന്നല്ല.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ വിലമതിക്കുന്നില്ലെങ്കിൽ, അതും അനുഗ്രഹനിഷേധമാണെന്ന് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. ഉത്തരവാദപ്പെട്ടവൻ തന്നിലർപ്പിതമായ ഉത്തരവാദിത്തം നിർവഹിക്കുന്നില്ലെങ്കിൽ അതും അനുഗ്രഹനിഷേധമാണ്. കച്ചവടക്കാരനോ തൊഴിലാളിയോ ഉദ്യോഗസ്ഥനോ തന്നിലർപ്പിതമായ ജോലി ശ്രദ്ധിച്ചു ചെയ്യുന്നില്ലെങ്കിൽ അതും തെറ്റാണ്. പക്ഷേ, തന്നിലർപ്പിതമായ ജോലികൾ ചെയ്യുമ്പോഴും ഒരു അഹ്മദിയുടെ മനസ്സിൽ ഏറ്റവും കൂടുതൽ സ്നേഹമുണ്ടാകേണ്ടത് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമായിരിക്കണം. ഇഹലോകത്തെ അനുഗ്രഹങ്ങളൊന്നും ഒരഹ്മദിയെ ഭൗതിക സുഖതൽപരനാക്കുന്നതാകരുത്. അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽനിന്ന് അവനെ അകറ്റിക്കൊണ്ട് പോകുന്നതുമാകരുത്. അതായത് തൊഴിലുകളും ഭൗതികാനുഗ്രഹങ്ങളും ഒരഹ്മദിയെ ദൈവഭയത്തിൽനിന്നും അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്നും അകറ്റാൻ പാടില്ല. ആരാധനാകർമ്മങ്ങൾ മറപ്പിച്ചുകളയുന്നതോ, ഉന്നതമായ സ്വഭാവഗുണങ്ങളെ നമ്മളിൽനിന്ന് തട്ടിപ്പറിച്ചെടുക്കുന്നതോ ആകാൻ പാടില്ല. അല്ലാഹു നമുക്ക് നല്കിയിട്ടുള്ള ഈ തൊഴിലുകളും ഈ ഭൗതികാനുഗ്രഹങ്ങളും നമ്മെ, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ അപഹരിച്ചെടുക്കുന്നവരാക്കാൻ പാടില്ല. മറിച്ച്, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം നമ്മെ, വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിത്തീർക്കണം. ഈ സ്നേഹം കാരണം നബി(സ) സ്ഥാപിച്ചുകാണിച്ച ജീവിതമാതൃകയനുസരിച്ച് നടക്കുന്നവരും ദൈവഭയത്തിന്റെ ഉന്നത നില സ്ഥാപിച്ചുകൊണ്ട് അല്ലാഹു നമ്മൾക്കായി നിശ്ചയിച്ചുതന്ന വഴികളിലൂടെ ചലിക്കുന്നവരായിത്തീരണം. ഇതിന്റെ ഏറ്റവും ഉദാത്തമായ മാതൃക ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് സ്ഥാപിച്ചുകാണിക്കുകയും തന്റെ ജമാഅത്ത് ദൈവഭയത്തിന്റെ ഈ ഉന്നതനില കരസ്ഥമാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു.

ഈ ഉദ്ദേശ്യപ്രാപ്തിക്കായി ജൽസയിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. പവിത്രമായ പരിസ്ഥിതിയ്ക്ക് സ്വാധീനപ്പെട്ട്, കൂടുതൽ വേഗത്തിൽ തന്റെയുള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കുന്നതിനായി ശ്രമിക്കാൻ, ജൽസയിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയ്ക്കും അല്ലാഹു ഈ അവസരം നല്കിയിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, തഖ്‌വ അഥവാ ഭയഭക്തിയിൽ എത്രയും വേഗം അഭിവൃദ്ധിപ്പെടാനുള്ള ഒരു മാർഗ്ഗമാണിത്. ഇതിലൂടെ നമ്മുടെ ശിക്ഷണത്തിനുള്ള ഒരു പരിസ്ഥിതിയുണ്ടാക്കാൻ ശ്രമിച്ചിരിക്കുന്നു. ജൽസയിൽ പങ്കെടുക്കുന്നവർമാത്രം തങ്ങളുടെ നിലവാരം ഉയർത്തണമെന്നല്ല പറഞ്ഞത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തഖ്‌വയുടെ നിലവാരം ഉയർത്തുമ്പോഴാണ് ബയ്അത്ത് ചെയ്തതിന്റെ ഉദ്ദേശ്യം അവർ പൂർത്തിയാക്കുന്നവരായിത്തീരുന്നത്.

അല്ലാഹു ഈ ജമാഅത്ത് രൂപീകരിക്കാനാഗ്രഹിച്ചപ്പോൾ, അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്, ലോകത്തുനിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞ യഥാർത്ഥമായ ഈശ്വരീയ ജ്ഞാനവും ലോകത്ത് കാണാൻപോലും കിട്ടാതിരുന്ന യഥാർത്ഥമായ ദൈവഭയവും പരിശുദ്ധിയും പുനഃസ്ഥാപിക്കുക എന്നതാണ്.

വീണ്ടും ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: "അതുകൊണ്ട് എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ, ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമേ സത്യമായും എന്റെ ജമാഅത്തിൽപ്പെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ."

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് നമ്മെ ഉപദേശിച്ചും നമ്മുടെ ശ്രദ്ധ ക്ഷണിച്ചുംകൊണ്ട് പറഞ്ഞു: "നമ്മുടെ ജമാഅത്ത് ഭയഭക്തിയോടുകൂടി പ്രവർത്തിക്കു കയും ഔലിയാക്കന്മാരാകാൻ ശ്രമിക്കുകയും വേണം.''

വേറൊരിടത്ത് പറഞ്ഞു: "അല്ലാഹുവിന്റെ മഹത്ത്വം നിങ്ങളുടെ മനസ്സുകളിൽ കുടിയിരുത്തുക. അവൻ ഏകനാണെന്നുള്ള സമ്മതം നാവുകൊണ്ടുമാത്രമല്ല, നേരെ മറിച്ച്, പ്രവർത്തനപരമായനിലയിലും സമ്മതിക്കുക;

അല്ലാഹുവും പ്രവർത്തനപരമായനിലയിൽ തന്റെ കൃപയും സഹായവും നിങ്ങളിൽ പ്രകടമാക്കാൻ."

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശങ്ങൾ അഹ്മദികളെല്ലാം എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്. പ്രത്യേകിച്ച് ആത്മീയാഭിവൃദ്ധിക്കായി ഈ ജൽസയിൽ പങ്കെടുക്കുന്ന നിങ്ങൾ ഞാൻ പറഞ്ഞതുപോലെ, ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളത്. ഈ ഉദ്ദേശ്യത്തോടുകൂടി അഹ്മദികൾ ജൽസയിൽ പങ്കെടുക്കേണ്ടതാണ്. ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടാൻ ഈ ജൽസയെ പ്രയോജനപ്പെടുത്തുക. അല്ലാഹു ഈ പരിസ്ഥിതി നിങ്ങൾക്കായി ഒരുക്കിത്തന്നിരിക്കുന്നു.

ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടാൻ ശ്രദ്ധിക്കുക. ഞാൻ ചുരുക്കം ചില ഉദ്ധരണികൾ നിങ്ങളോട് പറഞ്ഞത് നിങ്ങൾ കേട്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഭയഭക്തിയും പരിശുദ്ധിയുമുള്ളവരെ മാത്രമേ യഥാർത്ഥത്തിൽ തന്റെ ജമാഅത്തിൽപ്പെട്ടവരായി ഗണിച്ചിട്ടുള്ളത്. തങ്ങളുടെ കർമ്മകാവസ്ഥകളെ നന്നാക്കിക്കൊണ്ട്, ഔലിയാക്കന്മാരാകാൻ ശ്രമിക്കുക എന്ന് ആ മഹാത്മാവ് പറഞ്ഞു. ആരാണ് ഔലിയാക്കന്മാർ? അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്ന കൂട്ടരാണവർ. അവരുടെ നാവ് ദൈവസ്മരണയാൽ എപ്പോഴും ആർദ്രമായിരിക്കുന്നു. അവർ രാവും പകലും ആരാധനയിൽ കഴിച്ചുകൂട്ടുന്നു. അവർ ചെയ്യുന്ന ഭൗതിക ജോലികളിലും ദൈവസ്മരണയിൽ അശ്രദ്ധരാകുകയില്ല. സദാ അല്ലാഹുവിന്റെ തൃപ്തി തിരയുന്നതിന്റെ മിന്നലാട്ടം അവരുടെ ഓരോ കർമ്മങ്ങളിലും തെളിഞ്ഞുകാണുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ പൂർണ്ണരായ ദാസന്മാരെക്കുറിച്ചാണ് ***ലാതുൽഹീഹിം തിജാറത്തുൻ വലാ ബയ്ഉൻ അൻദിക്രില്ലാഹ്*** (24:38) എന്നു പറഞ്ഞിരിക്കുന്നത്. മനസ്സിന് അല്ലാഹുവുമായിട്ട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടാകുമ്പോൾ, അവൻ അതിൽനിന്ന് അകലുകയേയില്ല. അത് ഒരു ഉദാഹരണത്തിലൂടെ മനസ്സിലാക്കാൻ കഴിയും. അതായത്, ആരുടെയെങ്കിലും കുട്ടിയ്ക്ക് രോഗം പിടിപെട്ടാൽ, അവൻ എവിടെപ്പോയാലും എന്തു ജോലിയിൽ മുഴുകിയാലും അവന്റെ മനസ്സും ചിന്തയും ആ കുട്ടിയിൽത്തന്നെയായിരിക്കും. ഇപ്രകാരം അല്ലാഹുവുമായിട്ട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടാകുമ്പോൾ അവർ ഒരവസ്ഥയിലും അല്ലാഹുവിനെ വിസ്മരിക്കുകയില്ല."

അല്ലാഹുവിനെ ഓർക്കലും അവനെ സ്തുതിക്കലും ഓരോ അഹ്മദിയുടേയും അടിസ്ഥാനലക്ഷ്യവും ഉദ്ദേശ്യവുമായിരിക്കണം. നാവ് ദൈവസ്മരണ ചെയ്യുമ്പോഴെല്ലാം അല്ലാഹു കല്പിച്ച ഓരോ കർമ്മവും ചെയ്യണമെന്ന വിചാരം മനസ്സിലും പൊന്തിവരണം. അല്ലാഹു ചെയ്യരുതെന്ന് കല്പിച്ച പ്രവൃത്തികൾ ചെയ്യാൻ പാടില്ല. 'എന്റെ അനക്കമടക്കമെല്ലാം അല്ലാഹുവിന്റെ മുമ്പിലുണ്ടെന്ന' വിചാരവും അതുകൊണ്ട്, അല്ലാഹുവിന്റെ വെറുപ്പിന് കാരണമാകുന്ന പ്രവൃത്തികളൊന്നുംതന്നെ എന്നിൽനിന്നുണ്ടാകാൻ പാടില്ലെന്ന ചിന്തയും എപ്പോഴുമുണ്ടായിരിക്കണം. ഈ അവസ്ഥയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ കാണാനാഗ്രഹിക്കുന്നത്. ഈ അവസ്ഥ സൃഷ്ടിച്ചെടുക്കുന്നതിനായി, കുറച്ചു ദിവസത്തേക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) വർഷത്തിലൊരിക്കൽ ഈ ജൽസയിൽ പങ്കെടുക്കാൻ നമ്മെ വിളിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ബയ്അത്തുടമ്പടി ചെയ്തിട്ടുള്ള അഹ്മദികളേ! ഇങ്ങനെ നിങ്ങൾ പ്രതിജ്ഞ ചെയ്യുക. കാലത്തിന്റെ ഇമാമായുള്ളോവേ! ഞങ്ങളുടെ മനസ്സിൽനിന്ന് പുറപ്പെട്ട് സുറയ്യായിലേക്ക് പോയ ആ സത്യവിശ്വാസത്തെ, അങ്ങ് വീണ്ടും ഈ ലോകത്തേക്ക് തിരിച്ചുകൊണ്ടുവന്നു. ഞങ്ങളെ ഉത്തമ സമുദായമാക്കിയ ആ ഖുർആനികാധ്യാപനങ്ങൾ ഭൗതികവൃത്തികളിൽ വ്യാപൃതരായി ഞങ്ങൾ മറന്നുപോയിരുന്നു. അതിനെ വീണ്ടും ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനായി അത് ഞങ്ങളിൽ നടപ്പിൽ വരുത്തി. അതിന്റെ പരിശുദ്ധമാതൃകയും അങ്ങ് സ്ഥാപിച്ചു. ഇനി ഈ സത്യവിശ്വാസവും ഈ അധ്യാപനവും എന്നെന്നും ഞങ്ങളുടെ മനസ്സുകളുടേയും കർമ്മങ്ങളുടേയും ഭാഗമായിരിക്കുന്നതാണ്. ഇൻശാഅല്ലാഹ്. നമ്മൾ നമ്മുടെ നാവുകളെ, ***യാ അയ്യുഹല്ലദീന ആമനുദ്കുറുല്ലാഹ് ദിക്റൻകഥീറാ*** എന്ന അല്ലാഹുവിന്റെ കല്പനയനുസരിച്ച് എപ്പോഴും ദൈവസ്മരണയിൽ ആർദ്രമാക്കി വയ്ക്കുന്നതാണ്. അതായത് വിശ്വസിച്ചവരേ, അല്ലാഹുവിനെ കൂടുതലായി സ്മരിച്ചുകൊണ്ടിരിക്കുക (33:42).

അല്ലാഹുതആല ഇക്കാര്യങ്ങൾ ഓർമ്മപ്പെടുത്താനായിട്ടാണ് ഈ അവസരം നമുക്ക് നല്കിയിട്ടുള്ളത്. തഖ്‌വയുടെ നിലവാരം ഉയരാൻ ഈ ദിനങ്ങളിൽ ദൈവസ്മരണയിലേക്കും ആരാധനാകർമ്മങ്ങളിലേക്കും ശ്രദ്ധയുണ്ടാകണം. അങ്ങനെ നമ്മൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരായിമാറണം. ഇതിന്റെ ഫലമായി അല്ലാഹുതആല പ്രവൃത്തിയിലൂടെ കൃപയും സഹായവും നിങ്ങളിൽ വെളിപ്പെടുത്തുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. തഖ്‌വയിൽ ഉയരുമ്പോൾ അല്ലാഹുവിന്റെ കൃപയും സഹായവും പ്രകടമാകും. അതിനുള്ള ഒരു മാർഗ്ഗം അല്ലാഹുവിനോടുള്ള കടമ നിറവേറ്റലാണ്. ഈ സത്യം ആരാധനാകർമ്മങ്ങളിലൂടെയും ദൈവസ്മരണയിലൂടെയും ലഭ്യമാകും. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞുതന്നു. കാരണം ഈ ജൽസ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടതാണ്.

ഇതിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യം ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാനുള്ള മാർഗ്ഗമായി പറഞ്ഞിരിക്കുന്നു. അതിനുള്ള ഏറ്റവും വലിയൊരു മാർഗ്ഗം ആരാധനാകർമ്മങ്ങളും ദൈവസ്മരണയുമാണ്. ദൈവസ്മരണയെക്കുറിച്ച് അല്ലാഹു പറയുന്നു. അതുകൊണ്ടുള്ള പല നേട്ടങ്ങളിൽ ഒരു വലിയ നേട്ടം ***ഉദ്കുറല്ലാഹ യദ്കുറുക്കും*** എന്നതാകുന്നു. അതായത് നിങ്ങൾ ദൈവസ്മരണ ചെയ്താൽ അല്ലാഹു നിങ്ങളെ സ്മരിക്കുന്നതാണ്. അതുകൊണ്ട്, ഏതൊരുവനെ, അവന്റെ അധികാരിയും ഉടമസ്ഥനും യജമാനനും സ്രഷ്ടാവുമായവൻ സ്മരിക്കുന്നുവോ അവൻ സൗഭാഗ്യശാലിയാണ്.

ഈ ദിനങ്ങളിൽ ഈ പ്രധാന കാര്യങ്ങളിലേക്ക് ഓരോരുത്തരും അതായത്, പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. അത് ജൽസാഗാഹിലായാലും വേണ്ടില്ല. അല്ലെങ്കിൽ വിവിധ സേവനങ്ങൾ ചെയ്യുന്നിടത്തായാലും വേണ്ടില്ല. ഈ ദിനങ്ങളിൽ, പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളോടും പുരുഷന്മാരോടും ദൈവസ്മരണയിലേക്ക് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഇന്നലേയും ഞാൻ പറഞ്ഞിരുന്നു. ജൽസയിൽ പങ്കെടുക്കുന്ന മറ്റുള്ളവർ ദൈവസ്മരണ ചെയ്യുന്നതുപോലെ ഡ്യൂട്ടി ചെയ്തുകൊണ്ടിരിക്കുന്നവരും അല്ലാഹുവിനെ സ്മരിക്കുക. കാരണം ഇതുകൂടാതെ നമ്മുടെ ഉദ്ദേശ്യം പൂർത്തിയാകുകയില്ല. അതിനാൽ അടിസ്ഥാനപരമായ ഇക്കാര്യം ഓരോരുത്തരും നല്ലവണ്ണം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അല്ലാഹു നിശ്ചയിച്ച പ്രതിനിധിയുടെ നിർദ്ദേശത്താൽ, അവന്റെ സാമീപ്യം പ്രാപിക്കാനായി നാം ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളിൽ ആരാധനാകർമ്മങ്ങൾക്കും ദൈവസ്മരണയ്ക്കും കൊടുക്കേണ്ട പ്രാധാന്യം കൊടുക്കുന്നില്ലെങ്കിൽ അവന്റെ ഈ പ്രതിനിധിയുമായി യഥാർത്ഥ ബന്ധം സ്ഥാപിക്കുന്നവരാകുകയില്ല. അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരുമാകുകയില്ല.

ആ മഹാത്മാവ് പറഞ്ഞു, “ദൈവികസവിധത്തിൽ എന്റെ ജമാഅത്തിൽപ്പെട്ടവരെന്ന് നിങ്ങൾ ഗണിക്കപ്പെടുന്നത് സത്യമായും ഭയഭക്തിയുടെ മാർഗ്ഗത്തിൽ പദമൂന്നുമ്പോഴാണ്.” രോമാഞ്ചമുണ്ടാക്കേണ്ട വാക്യമാണിത്. നമ്മൾ ഇത് വായിക്കുന്നു, കേൾക്കുന്നു. ജമാഅത്തിന്റെ പരിപാടികളിൽ ഇതെഴുതിയ ബാനറുകളും പലപ്പോഴും നാം കാണുന്നു. പക്ഷേ, ഓടിച്ചൊരുനോട്ടം മാത്രമായിപ്പോകുന്നു അത്. അത് കാണുകയും അതിനോടൊപ്പം മറക്കുകയും ചെയ്യുന്നു. അഥവാ അല്പം ശ്രദ്ധയുണ്ടായാൽത്തന്നെ അത് താൽക്കാലികമായിരിക്കും. ഒരുപാട് ആശങ്കപ്പെടേണ്ട സ്ഥാനമാണിത്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള ഓരോ വാക്യവും ഓരോ വാക്കും നമ്മെ കടിച്ചുകുടയുന്നതാണ്. ലക്ഷം പ്രാവശ്യം നാം അഹ്മദിയ്യാണെന്ന് പറഞ്ഞുകൊണ്ടിരുന്നാലും അർശിലെ അല്ലാഹു ആ പട്ടികയിൽ നമ്മെ പെടുത്തിയിട്ടില്ലെങ്കിൽ അഹ്മദിയ്യാണെന്നുള്ള നമ്മുടെ വാദവും പാഴ്‌വാക്കാണ്. ഈ ജൽസയിൽ പങ്കെടുത്തതിന്റെ ഉദ്ദേശ്യവും നിഷ്ഫലമാണ്.

അതിനാൽ, ഈ ദിനങ്ങളിൽ നല്ലവണ്ണം ദുആ ചെയ്യുക. അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കുക. ദൈവസ്മരണയിൽ ശക്തിചെലുത്തുക. ഹൃദയത്തിന്റെ അന്ധകാരത്തെ മായ്ച്ചുകളയുക.

വൈജ്ഞാനികവും ശിക്ഷണപരവും ആത്മീയവുമായ ഉന്നമനത്തിനായി ധാരാളം പ്രസംഗങ്ങൾ ഇവിടെയുണ്ടാകും. അവ സശ്രദ്ധം കേൾക്കുക. അത് കേട്ടുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ പ്രതിജ്ഞ ചെയ്യുകയും സഹായം തേടുകയും ചെയ്യുക. “അല്ലാഹുവേ, ഞങ്ങൾ സുദ്ദേശ്യത്തോടെ നിന്റെ മസീഹിന്റെ വിളി കേട്ട് ഹൃദയം ശുദ്ധമാക്കിത്തീർക്കാനാണ് ഇവിടെ വന്നിരിക്കുന്നത്. എന്നാൽ, ഈ കൃത്യം ഞങ്ങളുടെ കരബലം കൊണ്ട് ഞങ്ങൾക്ക് സാധിക്കുകയില്ല. നിന്റെ സഹായം ഞങ്ങൾക്കാവശ്യമുണ്ട്. ***ഇയ്യാക്ക നസ്തഈൻ*** എന്ന പ്രാർത്ഥന കേട്ടുകൊണ്ട് നീ ഞങ്ങളെ സഹായിക്കുന്നില്ലെങ്കിൽ ഞങ്ങൾക്ക് നിന്റെ ആരാധനയുടെ നീ ഉദ്ദേശിക്കുന്ന നിലവാരം കരസ്ഥമാക്കാൻ സാധിക്കുകയില്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, നീ തന്നെ ഞങ്ങളെ നഷ്ടപ്പെട്ടുപോകുന്നതിൽ നിന്ന് രക്ഷിക്കേണമേ. ഏതൊരു നല്ല ലക്ഷ്യത്തിനുവേണ്ടിയാണോ ഞങ്ങൾ ഇവിടെ ഒരുമിച്ചുകൂടിയിട്ടുള്ളത് അതിൽനിന്ന് കൂടുതൽ ഓഹരി ഞങ്ങൾക്ക് തന്നാലും. നിന്റെ അനുഗ്രഹമില്ലെങ്കിൽ ഞങ്ങളൊന്നുമല്ല. ഞങ്ങളുടെ ഹൃദയങ്ങളെ, എന്തൊന്ന് ഞങ്ങൾ കേൾക്കുന്നുവോ അതിന്റെ വെറും വിജ്ഞാനത്തിൽനിന്നും സാഹിത്യസമ്പുഷ്ടിയിൽനിന്നും ഫലമെടുക്കുന്നവർ മാത്രമാക്കാതെ ഞങ്ങളുടെ ആത്മീയാഭിവൃദ്ധിക്കുവേണ്ടിയുള്ള ആ കാര്യങ്ങളിൽ ഭാഗഭാക്കായിത്തീരാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. അതനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിത്തീർക്കേണമേ. അവയെ ഞങ്ങളുടെ മക്കളിൽ നടപ്പിൽ വരുത്തുന്നവരാക്കേണമേ.

സദുദ്ദേശ്യത്തോടെ നാം ജൽസയുടെ അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുമ്പോഴും ദുആ ചെയ്തുകൊണ്ട് എല്ലാ നല്ല കാര്യങ്ങളേയും നമ്മുടെ ജീവിതത്തിൽ നടപ്പിൽവരുത്താൻ ശ്രമിക്കുമ്പോഴുമാണ് നാം നമ്മുടെ ജീവിതത്തിലും മാറ്റം വരുത്തുന്നവരായിത്തീരുന്നത്. ഏതൊരു മാറ്റമുണ്ടാക്കാനാണോ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായത് ആ മാറ്റത്തിൽ പങ്കെടുക്കുന്നവരായിത്തീരുന്നത്. പിന്നീട് ലോകത്തും വമ്പിച്ച മാറ്റമുണ്ടാക്കുന്നവരായിത്തീരും. ഇൻശാഅല്ലാഹ്.

ഈ മാറ്റത്തിനായിട്ട് ഏറ്റവും അടിസ്ഥാനവും പ്രധാനപ്പെട്ടതുമായ കാര്യം പ്രാർത്ഥനയും ദൈവസ്മ

രണയുമാണ്. ഈ ശീലം നാം നമ്മളിലുണ്ടാക്കിയാൽ അത് അല്ലാഹുവിന്റെ തൃപ്തിക്കായി അവൻ പറഞ്ഞരീതിയനുസരിച്ചും, അവൻ നല്കിയ കല്പനകളനുസരിച്ചും നാം കൂടുതൽ പ്രവർത്തിച്ചു തുടങ്ങും. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസയുടെ ഉദ്ദേശ്യങ്ങളിലൊന്നു പറഞ്ഞത്, ഒത്തുചേരുമ്പോൾ പരസ്പരമുള്ള പരിചയം കൂടുമെന്നാണ്. പുതിയ ബന്ധങ്ങൾ വിശാലമാകുമ്പോൾ കൂടുതൽ സാഹോദര്യബന്ധമുണ്ടാകും. അപ്പോൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ച് പഴയ ബന്ധങ്ങൾ കൂടുതൽ കെട്ടുറപ്പുള്ളതാക്കാൻ ശ്രമവുമുണ്ടാകും. ഏതെങ്കിലും കാരണത്താൽ എന്തെങ്കിലും പിണക്കം ഉണ്ടായിപ്പോയിട്ടുണ്ടെങ്കിൽ അതകറ്റാൻ ശ്രമിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി അനാവശ്യസംസാരം ഒഴിവാക്കുക മാത്രമല്ല മറിച്ച്, സ്നേഹവും സന്തോഷവും സൃഷ്ടിക്കുന്നതായിരിക്കും. വഴക്കുകളിൽനിന്ന് അകന്നുനില്ക്കുക മാത്രമല്ല, മറിച്ച് പണ്ടുകൂടിയ വഴക്കുകളിൽ പരസ്പരം മാപ്പുചോദിക്കുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നതാണ്. തൻപ്രമാണിത്തത്തിൽനിന്ന് പുറത്തുചാടുകയും ചെയ്യും. ഇവിടെനിന്ന് പല പരാതികളും എനിക്ക് വരാറുണ്ട്. ചെറിയ ചെറിയ കാരണങ്ങൾ കൊണ്ട് ഒരാൾ മറ്റൊരാളുടെ കോളർ കയറിപ്പിടിക്കുന്നു. ജമാഅത്തിന്റെ ചീത്തപ്പേരിന് കാരണക്കാരായിത്തീരുന്നു. ചിലർക്ക് അസഹ്യമായ വേദനയോടെ ശിക്ഷ കൊടുക്കേണ്ടിയും വരുന്നു. ജമാഅത്ത്വ്യവസ്ഥിതിയുടെ പരിശുദ്ധി, സകല ബന്ധങ്ങൾക്കുമതീതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് യഥാർത്ഥബന്ധമുണ്ടെങ്കിൽ, തെറ്റുകളിൽ പശ്ചാത്തപിച്ചുകൊണ്ട് പരസ്പരമുണ്ടായിപ്പോയിട്ടുള്ള അകൽച്ച ഈ സ്നേഹം കൊണ്ട് കൂട്ടിച്ചേർക്കുന്നവരായിത്തീരുമെന്ന് മാത്രമല്ല, മറിച്ച് ആ സ്നേഹബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യും. അപ്പോൾ ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിൽനിന്ന് ഒരിക്കലും വിഷമമുണ്ടാകുകയില്ലെന്ന നബി വചനമനുസരിച്ച് പ്രവർത്തിക്കുന്നവനുമായിത്തീരും.

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ സമ്മേളിച്ചിരിക്കുന്ന ഈ ദിനങ്ങളിൽ അവന്റെ മുമ്പിൽ കുനിഞ്ഞ് അവനോട് പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക. പൂർണ്ണ വിശ്വാസത്തോടെ ദൈവസ്മരണയിൽ വ്യാപൃതരാവുക. പൂർണ്ണമായ അനുസരണത്തോടുകൂടി അല്ലാഹു പറഞ്ഞ രീതിയനുസരിച്ച് പ്രവർത്തിക്കുക. ഇങ്ങനെ വരുമ്പോൾ ഏതെങ്കിലും ഘട്ടത്തിൽ ജമാഅത്തിന്റെ വ്യവസ്ഥിതിയെ അനുസരിക്കുന്നതിൽനിന്ന് പുറത്തുപോകുന്ന പ്രശ്നമേയുദിക്കുകയില്ല.

ഒരുഭാഗത്ത് നമ്മൾ ദൈവികസവിധത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ എഴുതപ്പെടാനുള്ള പരിശ്രമം ചെയ്യുകയും മറുഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ആ മഹാത്മാവിന്റെ ഖലീഫമാരും സ്ഥാപിച്ച ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്ന് പുറത്തുപോകുകയും ചെയ്യുക എന്ന ഇരട്ടമുഖം അല്ലാഹുവിന്റെ സന്നിധിയിൽ സദുദ്ദേശ്യത്തോടെ കുനിയുന്നവർക്ക് ഒരിക്കലും കാണിക്കുവാൻ സാധ്യമല്ല. അവർ കാണിക്കുന്നുമില്ല. നന്നാക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തോടെ, ഈ ജൽസ ഒരു ഉത്സവമല്ലെന്ന് മനസ്സിലാക്കി, ഇതിൽ പങ്കെടുക്കുകയാണെങ്കിൽ ഈ ദിനങ്ങളിൽ മനസ്സിലുള്ള ഈ അഴുക്കുകളും കഴുകിക്കളയാനുള്ള അവസരവും പ്രാർത്ഥന മുഖേന ലഭിക്കുന്നതാണ്.

ഇതൊരു ഉത്സവമല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ആ രീതിയിൽ ഈ ജൽസയെ കണ്ടാൽ തീർച്ചയായും മനസ്സിലെ അഴുക്കും അത് കഴുകിക്കളയുന്നതാണ്. ചിലപ്പോൾ ഒരു സാധാരണ അഹ്‌മദിയുടെ പിണക്കവും വഴക്കും ഭാരവാഹികളുമായിട്ടുമുണ്ടാകാറുണ്ട്. നിത്യജീവിതത്തിലും ജൽസാ ദിനങ്ങളിലും ഇതുണ്ടാകുന്നു. അത്തരം സന്ദർഭങ്ങളിൽ ഈ ജൽസയുടെ അടിസ്ഥാന ഉദ്ദേശ്യമെന്താണെന്ന് ഓർമ്മയുണ്ടെങ്കിൽ പഴയ വഴക്കും അവസാനിപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കും. ഇവിടെ വന്നിട്ട് എന്തെങ്കിലും കടുപ്പമേറിയ അനുഭവമുണ്ടായിട്ടുണ്ടെങ്കിൽ അതും അകറ്റാൻ ശ്രമിക്കും.

ഭാരവാഹികളും ജൽസാ ദിനങ്ങളിൽ സേവനം ചെയ്യുന്നവരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഇന്നലേയും ഞാൻ ഇത് പറഞ്ഞിരുന്നു. ഉന്നതസ്വഭാവം ഏറ്റവും കൂടുതൽ വെളിപ്പെടേണ്ടത് ഡ്യൂട്ടിയിലുള്ളവരിൽനിന്നാണ്. ഉദ്യോഗസ്ഥരെന്ന നിലയിലും ഭാരവാഹികളെന്ന നിലയിലും അവരുടെ ഉത്തരവാദിത്തം ഏറെയാണ്. ഇതുകൊണ്ടുതന്നെ അവർ അധികം സഹിക്കേണ്ടിയും വരുന്നു. ഈ സഹനമുണ്ടാക്കാൻ കൂടുതൽ കൂടുതൽ അവർ ശ്രമിക്കേണ്ടതാണ്. മാപ്പ് കൊടുക്കുക, വിട്ടുവീഴ്ച ചെയ്യുക എന്നീ ഗുണങ്ങളും അവരിൽ കൂടുതലായിട്ടുണ്ടാകണം. മറ്റുള്ളവർക്ക് മാതൃകയാകാൻ തങ്ങളുടെ ആരാധനാകർമ്മങ്ങളുടെ നിലവാരവും മറ്റുള്ളവരെ അപേക്ഷിച്ച് ഒരുപാട് മെച്ചപ്പെടുത്തേണ്ടതാണ്. ഭാരവാഹികൾ, തങ്ങളെ ഭാരവാഹികളെന്ന് മനസ്സിലാക്കുന്നതിനു പകരം സേവകർ എന്ന നിലയിൽ മനസ്സിലാക്കുകയും ജമാഅത്തംഗങ്ങൾ തങ്ങളുടെ ഭാരവാഹികളെ ജമാഅത്ത് വ്യവസ്ഥിതി നടപ്പാക്കാൻ വേണ്ടി കാലത്തിന്റെ ഖലീഫ നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥരായി മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ ഈ ബന്ധം എപ്പോഴും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും നിലയിൽ നിലനില്ക്കുന്നതാണ്. അത് പിന്നീട് കാലത്തിന്റെ ഖലീഫയ്ക്ക് വിധേയരായിക്കൊണ്ട് ലോകത്ത് സമാധാനത്തിന്റേയും ശാന്തിയുടേയും യഥാർത്ഥ സന്ദേശം എത്തിക്കുന്നതിന് വഴി

തെളിക്കും. അവർ ലോകത്ത് വിപ്ലവമുണ്ടാക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ നടത്താനുദ്ദേശിക്കുന്ന വഴിയിലൂടെ നടക്കുന്നവരുമായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു നിലവാരത്തിലേക്കാണോ നമ്മെ വഴി കാട്ടിയത് ആ നിലവാരം പ്രാപിക്കുന്നവരുമായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"അല്ലയോ ഭാഗ്യശാലികളേ! (നിങ്ങൾക്ക് ഭാഗ്യമുണ്ടായിരുന്നതുകൊണ്ടാണ് നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചത്. ഇപ്പോൾ ആ ഭാഗ്യത്തിന്റെ ആദ്യ ചുവടാണ് നിങ്ങൾ വച്ചിരിക്കുന്നത്.) അല്ലയോ ഭാഗ്യശാലികളേ! നിങ്ങളുടെ മോക്ഷത്തിനായി എനിക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അധ്യാപനങ്ങളിൽ ഉറപ്പോടുകൂടി നിങ്ങൾ പ്രവേശിച്ചുകൊള്ളുക." അതായത്, ഭാഗ്യത്തിന്റെ ഒരു ചുവട് നിങ്ങൾ വെച്ചിരിക്കുകയാണ്. സൽപ്രകൃതിയായതുകൊണ്ടാണ് നിങ്ങളത് സ്വീകരിച്ചത്. ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കപ്പെട്ട ആ അധ്യാപനം സ്വായത്തമാക്കേണ്ടതാണ്. പറയുന്നു: "നിങ്ങൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുക. അവനോടൊപ്പം ആരേയും പങ്കുചേർക്കാതിരിക്കുക; ആകാശത്തിലും ഭൂമിയിലുമുള്ള ഒന്നിനേയും. അല്ലാഹു കാര്യകാരണഉനുസരിച്ച് പ്രവർത്തിക്കുന്നതിന് നിങ്ങളെ വിലക്കുന്നില്ല. ഭൗതികമായ ജോലികൾ ചെയ്യരുതെന്ന് പറയുന്നുമില്ല. സർവ്വവും അല്ലാഹുവിനെ ഭരമേല്പിക്കുകയാണെങ്കിൽ ആദ്യം ഒട്ടകത്തിന്റെ കാല് കെട്ടിയിട്ടാവണം എന്നാണ് കല്പന. പക്ഷേ, ആരാണോ അല്ലാഹുവിനെ വിട്ടുകൊണ്ട് കാര്യകാരണങ്ങളിൽ പരിപൂർണ്ണമായും വിശ്വാസമർപ്പിക്കുന്നത് അവൻ മുശ്രിക്കാണ്. പണ്ടു പണ്ടേ മുതൽ അല്ലാഹു പറഞ്ഞുവന്നതാണ്, പരിശുദ്ധ ഹൃദയമുള്ളവനാകാതെ മോക്ഷം ലഭിക്കുകയില്ലെന്ന്. അതുകൊണ്ട് നിങ്ങൾ പരിശുദ്ധഹൃദയരാവുക. വിഷയേച്ഛകളായ പകയിൽനിന്നും കോപത്തിൽനിന്നും അകന്നുനില്ക്കുക. മനുഷ്യന്റെ ദോഷപ്രവണമായ ആത്മാവിൽ പലതരത്തിലുള്ള മാലിന്യങ്ങളുമുണ്ട്. എന്നാൽ, ഏറ്റവുമധികമുള്ളത് അഹങ്കാരത്തിന്റെ മാലിന്യമാണ്. അഹങ്കാരമുണ്ടായിരുന്നില്ലെങ്കിൽ ഒരാളും കാഫിറാകുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ ഹൃദയത്തിന്റെ മിസ്ക്കീന്മാരാകുക. പൊതുവേ മനുഷ്യകുലത്തോട് സഹതാപം കാണിക്കുക. അവർക്ക് സ്വർഗ്ഗം വാങ്ങിക്കൊടുക്കാൻ നിങ്ങൾ ഉപദേശിക്കുന്നുവല്ലോ? കുറച്ചുദിവസത്തെ ഈ ജീവിതത്തിൽ നിങ്ങൾ അവരുടെ നാശമാഗ്രഹിക്കുകയാണെങ്കിൽ ആ ഉപദേശം എവിടെ ഫലം ചെയ്യാനാണ്? അല്ലാഹുവിനോട് ചെയ്യേണ്ട നിർബന്ധകടമകൾ, നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നവരാണെന്ന ഭയഭക്തിയോടെ നിറവേറ്റുക. നിങ്ങളെ അല്ലാഹു തന്നിലേക്ക് വലിച്ചടുപ്പിക്കാനും നിങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധമാക്കാനും നിങ്ങൾ നമസ്കാരത്തിൽ ഒരുപാട് ദുആ ചെയ്യുക. കാരണം മനുഷ്യൻ ബലഹീനനാണ്. ഓരോ തിന്മയും അകറ്റേണ്ടത് അല്ലാഹുവിന്റെ ശക്തികൊണ്ടാണ്. സ്വന്തം ശക്തികൊണ്ട് തിന്മ അകലുകയില്ല. അതുകൊണ്ട് പ്രാർത്ഥിക്കുക. മനുഷ്യൻ അല്ലാഹുവിൽനിന്ന് ശക്തിയാർജ്ജിക്കാത്തിടത്തോളം ഒരു തിന്മയും അകറ്റാൻ കഴിവുള്ളവനാകുകയില്ല. ഇസ്‌ലാം എന്നു പറയുന്നത്, ചടങ്ങെന്ന നിലയിൽ കലിമ ചൊല്ലുന്നതിന്റെ പേരല്ല. മറിച്ച്, ഇസ്‌ലാമിന്റെ യഥാർത്ഥ അർത്ഥം നിങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുക എന്നാണ്. അല്ലാഹുവും അവന്റെ കല്പനകളും ലോകത്തിലുള്ള എല്ലാ വസ്തുക്കളേക്കാളും എല്ലാ രീതിയിലും നിങ്ങൾക്ക് മുന്തിയതാവണം.''

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വെച്ചിരിക്കുന്ന നിലവാരം. ഇതിലേക്കാണ് ആ മഹാത്മാവ് നമ്മെ വഴികാട്ടിയത്. പകയിൽനിന്നും കോപങ്ങളിൽനിന്നും വേറിട്ടുനില്ക്കുക. അതിന് അല്ലാഹു നല്കിയ നല്ലൊരു അവസരമാണിത്. ഈ ദിനങ്ങളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തുക. എന്നാൽ, നമ്മുടെ ചിത്രം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. സദുദ്ദേശ്യത്തോടെ വിലയിരുത്തുകയാണെങ്കിൽ ആ പകയുടേയും കോപത്തിന്റേയും അവസ്ഥ അറിയാൻ കഴിയും. അന്ധകാരത്തിൽനിന്ന് രക്ഷപ്പെടുക. ഈ അഹങ്കാരമാണ് മനുഷ്യനെ നന്ദികെട്ടവനാക്കുന്നത്. അഹങ്കാരം തന്നെയാണ് നബിമാരെ നിഷേധിക്കാൻ വഴിയൊരുക്കിയത്. അഹങ്കാരം തന്നെയാണ് ജമാഅത്ത് വ്യവസ്ഥിതിക്കും ഭാരവാഹികൾക്കുമെതിരെ ജനങ്ങളെ ഇളക്കിവിടുന്നത്. അഹങ്കാരം തന്നെയാണ് തമ്മിലടിപ്പിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടികളോട് യഥാർത്ഥമായ സഹാനുഭൂതി കാണിക്കുക. എങ്കിലേ നിങ്ങളുടെ വാക്കുകൾ സ്വാധീനം ചെലുത്തുകയുള്ളൂ. എങ്കിലേ നിങ്ങളുടെ തബ്‌ലീഗ് ഗുണം ചെയ്യുകയുള്ളൂ. പലയാളുകളും നമ്മുടെ ജൽസയിൽ പങ്കെടുക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഇത്തരക്കാർ ജൽസയിൽ പങ്കെടുത്തിരുന്നു. ഖാദിയാനിലെ പരിസ്ഥിതി അവർ നേരിൽ കണ്ടു. ആ പരിസ്ഥിതിയുടെ സ്വാധീനം അവരിലുണ്ടായി. അവിടുത്തെ ആളുകളുടെ സ്വാധീനവും അവരിലുണ്ടായിരുന്നു. അതിനാൽ അവർ അഹ്മദികളായി. ഇപ്പോഴും ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ ജൽസയുണ്ടാകുമ്പോൾ ആളുകൾ പങ്കെടുക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല അഭിപ്രായവുമായി മടങ്ങുന്നു. അവരിൽ ചിലർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഓരോരുത്തരും ഇക്കാര്യം തങ്ങളുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. ഓരോ അഹ്മദിയുടേയും മുഖത്തിനു പിന്നിൽ ഇന്ന് അഹ്മദിയ്യത്തിന്റെ

മുഖമാണുള്ളത്. അതുകൊണ്ട് എപ്പോഴും ഓർക്കുക നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യമുണ്ടാകരുത്. എങ്കിലേ നിങ്ങളുടെ ദഅ്‌വത്തെ ഇലല്ലായിലും അനുഗ്രഹമുണ്ടാകുകയുള്ളൂ.

ജമാഅത്തിന്റെ സൽപേരിന് നിങ്ങൾ കാരണക്കാരാകുന്നതും എപ്പോഴും നിങ്ങൾ സത്യത്തിൽ നിലകൊള്ളുമ്പോഴാണ്. ആരുടേയും നാശം ആഗ്രഹിക്കരുത്. വ്യക്തിപരമായ നേട്ടവും ഫലവും നിങ്ങളെ ആരുടെയെങ്കിലും മേൽ അക്രമം ചെയ്യാൻ പ്രേരിപ്പിക്കരുത്. എപ്പോഴും ഓർക്കുക, നിങ്ങളുടെ എല്ലാ കർമ്മങ്ങളും അല്ലാഹു കാണുന്നുണ്ട്. എപ്പോഴും അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടാകണം. അവന്റെ ഭയം മനസ്സിൽവച്ചുകൊണ്ട് അവന്റെ മുന്നിൽ കുനിയണം. നിങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തുക. ഓർക്കുക, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്ത് നിങ്ങൾക്ക് ഫലം നല്കുന്നത് നിങ്ങൾ ഏതവസ്ഥയിലും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമ്പോഴാണ്. വെറും വാദവും മുദ്രാവാക്യം വിളിയും ഒരിക്കലും പ്രയോജനപ്പെടുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ ജമാഅത്തിന്റെ ഉന്നതമായ നില കാണാൻ എത്ര മാത്രം ആവേശമായിരുന്നു. എത്ര വേദനയോടുകൂടിയാണ് ആ മഹാത്മാവ് ദുആ ചെയ്തിരുന്നത്. അതിന്റെ ഒരു ഉദാഹരണം ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു. "ഞാൻ ദുആ ചെയ്യുന്നു. എന്നിൽ ജീവശ്വാസം നിലനില്ക്കുവോളം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ആ ദുആ ഇതുതന്നെയാണ്. എന്റെ ഈ ജമാഅത്തിലെ ഹൃദയങ്ങളെ അല്ലാഹു ശുദ്ധീകരിക്കുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ കൈ നീട്ടി അവരുടെ ഹൃദയം തന്നിലേക്ക് തിരിക്കുമാറാകട്ടെ. എല്ലാ പകയും വിദ്വേഷവും അവരുടെ ഹൃദയങ്ങളിൽനിന്ന് അകറ്റുമാറാകട്ടെ. പരസ്പരമുള്ള യഥാർത്ഥ സ്നേഹം പ്രദാനം ചെയ്യുമാറാകട്ടെ. ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്റെ ഈ ദുആ ഏതെങ്കിലുമൊരു നേരത്ത് സ്വീകരിക്കപ്പെടും. എന്റെ ദുആ അല്ലാഹു പാഴാക്കുകയില്ല. അതെ, ഞാൻ ഇങ്ങനേയും ദുആ ചെയ്യുന്നു. സത്യമായ വിശുദ്ധിയും ദൈവഭയവും വിധിക്കപ്പെട്ടിട്ടില്ലാത്തവനും അല്ലാഹുവിന്റെ അറിവിലും തീരുമാനത്തിലും എന്നെന്നും ദുഷ്ടനുമായ ആരെങ്കിലും എന്റെ ജമാഅത്തിലുണ്ടെങ്കിൽ സർവ്വശക്തനായ അല്ലാഹുവേ, നിന്നിൽനിന്ന് അവൻ അകന്നിരിക്കുന്നതുപോലെ എന്നിൽനിന്നും അവനെ അകറ്റിനിറുത്തേണമേ. അവന്റെ സ്ഥാനത്ത് മൃദുലമാനസനായ നിന്നെ കിട്ടണമെന്ന് അതിയായി ആഗ്രഹിക്കുന്ന വ്യക്തിയെ നീ കൊണ്ടുവന്നാലും."

അല്ലാഹു നമ്മുടെയുള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ ആഗ്രഹങ്ങളേയും പ്രാർത്ഥനകളേയും നമുക്ക് വേണ്ടി പൂർത്തിയാക്കുമാറാകട്ടെ. സ്വന്തം ദുഷ്ടതയും നിർഭാഗ്യവും കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽനിന്ന് മുറിച്ചുമാറ്റപ്പെടുന്ന ആരും നമ്മളിൽ ഉണ്ടാകാതിരിക്കട്ടെ. അല്ലാഹുവേ, നീ എപ്പോഴും ഞങ്ങളുടെമേൽ കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും തണൽ വിരിച്ചാലും. ഞങ്ങളെ എപ്പോഴും നിന്റെ പ്രിയപ്പെട്ടവരും ഖാത്തമുൽ അമ്പിയായുമായ മുഹമ്മദ് മുസ്തഫാ(സ)യുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തുമായി ബന്ധപ്പെടുത്തിനിറുത്തിയാലും. ഞങ്ങളേയും ഞങ്ങളുടെ മക്കളേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് നീ വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളുടെ അവകാശികളാക്കിയാലും. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 31.8.2007 at Baithunnoor, Holland

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala